സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC 51/24/NS

ദേവസ്വം ബോർഡ് ആഫീസ്,
തിരുവനന്തപുരം, 09/05/2024

## സർക്കുലർ

വിഷയം : തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ അരളിപ്പൂവിന്റെ ഉപയോഗം ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന : 09/05/2024-ലെ ബോർഡ് തീരുമാനം

അരളിപ്പൂവിന്റെ ഉപയോഗം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായുള്ള ആശങ്ക സമൂഹത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ക്ഷേത്രങ്ങളിൽ പൂജാദികാര്യങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും ആയതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

ആയതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും നിവേദ്യ സമർപ്പണത്തിനും ഭക്തർക്ക് നൽകുന്ന അർച്ചന പ്രസാദത്തിലും അരളിപ്പൂവ് ഉപയോഗിക്കുന്നത് പൂർണ്ണമായും ഒഴിവാക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

കൂടാതെ ക്ഷേത്ര നിവേദ്യ സമർപ്പണ ചടങ്ങിന് തുളസി, പിച്ചി, മുല്ല, റോസ്, ജമന്തി, തെറ്റി തുടങ്ങിയ പൂക്കൾ ഉപയോഗിക്കാവുന്നതാണ്.

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
5. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
6. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
7. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
8. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
9. ഇ.ഡി.പി സെക്ഷൻ
10. മിനിറ്റ്സ്
11. സെക്ഷൻ ഫയൽ
12. ഫയൽ ബുക്ക്
13. ഫെയർ ആഫീസ് കോപ്പി